പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് കൃഷിയെ ഒഴിവാക്കിയ നടപടി</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2969

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് കൃഷിയെ ഒഴിവാക്കിയ കേന്ദ്ര തീരുമാനം മാറ്റുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | ഉണ്ട്.<br>കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ 2013 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുൻപും നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങളായ നിലമൊരുക്കൽ, ഉഴവ്, വിതയ്ക്കൽ, കളയെടുപ്പ്, മണ്ണിളക്കൽ, നനയ്ക്കൽ, കൊയ്ത്ത്, പ്രൂണിംഗ്, വളം, കീടനാശിനി പ്രയോഗം, ഭക്ഷ്യ പച്ചക്കറികൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കളുടെ വാങ്ങൽ എന്നിവയ്ക്ക് അനുവാദം നൽകിയിരുന്നില്ല. എന്നാൽ പൊതുസ്ഥലങ്ങളിലും ചെറുകിട നാമമാത്രകർഷകരുടെ നിലങ്ങളിലും പറമ്പുകളിലും ഭൂമിയുടെ മൊത്തത്തിലുള്ള വികസനത്തിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും ആവശ്യമായി വരുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് തടസ്സമില്ല. എന്നിരുന്നാലും നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയ പ്രവൃത്തിയിനങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ